# വിശ്വാസപരിശീലനവും രണ്ടാം വത്തിക്കാൻ സൂനഹദോസും

**റൂബി ജോൺ**

ആദിമുതൽ ഉണ്ടായിരുന്നതും, ഞങ്ങൾ കേട്ടതും, സ്വന്തം കണ്ണുകൊണ്ടുകണ്ടതും സൂക്ഷിച്ചുവീക്ഷിച്ചതും, കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനത്തെപ്പറ്റി ഞങ്ങൾ അറിയിക്കുന്നു. ജീവൻ വെളിപ്പെട്ടു. ഞങ്ങൾ അതുകണ്ടു അതിന് സാക്ഷ്യം നല്കുകയും ചെയ്യുന്നു. (യോഹന്നാൻ 1:-2)

**ആമുഖം**

ശാസ്ത്രത്തിന്റെ വളർച്ചയുടേയും, നേട്ടങ്ങളുടേയും, ആരംഭത്തിൽ ആധുനികയുഗത്തിൽ, ബൃഹത്തായ പരിവർത്തനങ്ങൾ നാമ്പെടുക്കുകയും പൊട്ടിവിടരുകയും ചെയ്തു. നവംനവങ്ങളായ കണ്ടുപിടുത്തങ്ങൾ, മനുഷ്യപുരോഗതിയ്ക്ക് ആക്കം കൂട്ടി മനുഷ്യൻ സ്വശക്തിയിൽ വിശ്വസിക്കുവാനും ദൈവത്തേയും ആദ്ധ്യാത്മികമൂല്യങ്ങളേയും മാറ്റിവച്ച് ശാസ്ത്രസംസൃഷ്ടമായ ഒരു ഭൗമികപറുദീസ കെട്ടിപ്പടുത്ത്, ഏകലോകാദർശത്തെ സാക്ഷാൽക്കരിച്ച്, അതുവഴിശാശ്വതസമാധാനം കൈവരുത്താമെന്ന് അവൻ വ്യാമോഹിച്ചു. അതേ സമയം തന്നെ മനുഷ്യനെ പിടിച്ചുലയ്ക്കുന്ന നിരവധി പ്രതികൂലശക്തികളുയർന്നു വന്നപ്പോൾ തന്റെ ആഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കുമോ എന്നും നൂറ്റാണ്ടുകൾ കെട്ടിപ്പൊക്കിയ സംസ്കാരം തകർന്നു ചാമ്പലാകുമോ എന്നും അവൻ ഭയപ്പെട്ടു. ഇങ്ങനെ ഇരുശക്തികൾ മനുഷ്യനെ ഒരു പ്രതിസന്ധിഘട്ടത്തിലേയ്ക്കു തള്ളിയിട്ടു ഈ പരിതസ്ഥിതിയിൽ, മനുഷ്യനു മാർഗ്ഗം തെളിയിക്കാൻ വ്രതബദ്ധയായ തിരുസഭ,കാലത്തിനു നിരക്കാത്തതും അശാസ്ത്രീയവുമായി കാണപ്പെട്ടു. ശാസ്ത്രം, സംസ്കാരം, സാങ്കേതിക വിജ്ഞാനീയം, എന്നീ മണ്ഡലങ്ങളിൽ തുടരെത്തുടരെ ഉണ്ടായ വിപ്ലവകരങ്ങളായ പരിണാമങ്ങൾക്കനുസൃതം തിരുസഭയിലും, ചില മാറ്റങ്ങൾ വന്നേ തീരു എന്നായി. ഇന്നത്തെ മനുഷ്യനു മനസ്സിലാകത്തക്കവിധം സഭ സ്വയം അവതരിപ്പിക്കണമെന്നും. അതിനാൽ സഭയിൽതന്നെ ആന്തരികമായൊരു നവീകരണവും അതിൽ നിന്നുളവാകുന്ന പുനഃസംവിധാനങ്ങളും ആവശ്യമാണെന്നും പരക്കെ ബോധ്യമായി. അങ്ങനെ ലോകത്തിന്റെ നടുവിൽ പ്രതിഷ്ഠിക്കപ്പെട്ട രക്ഷാചിഹ്നമായി തിരുസഭയെ പുനരവരോധിക്കാൻ ചരിത്രത്തിന്റെ കേന്ദ്രമാക്കി അവളെ മാറ്റാൻനടന്ന യത്നത്തിന്റെ ഫലമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ.

**2. രണ്ടാം വത്തിക്കാൻ കൗൺസിലൂടെ**

ആദിമസഭയുടെ ചൈതന്യവും കെട്ടുറപ്പും കാലത്തിന്റെ കുത്തൊഴുക്കിൽ പെട്ട് എവിടെയോ നഷ്ടമായി. സഭയുടെ ശ്ലൈഹികവും അജപാലനപരവുമായ ദൗത്യം കൂടുതൽ പ്രകാശിതമാക്കുക, സുവിശേഷസത്യം ഉജ്ജ്വലിപ്പിക്കുന്നതിലൂടെ സർവ്വ വിജ്ഞാനത്തേയും അതിശയിക്കുന്ന ക്രിസ്തുവിന്റെ സ്നേഹം (എഫേ 3-19) തേടാനും അതു സ്വായത്തമാക്കാനും, സർവജനപദങ്ങളേയും സജ്ജമാക്കുക തുടങ്ങിയ ലക്ഷ്യങ്ങളോടെ

പരിശുദ്ധാത്മാപൂരിതനായി ജോൺ 23–ാം മൻപാപ്പ 1962 ഒക്ടോ. 11ന് “ആധുനികസഭയുടെ അവസാനിക്കാത്തവസന്തമാണ്” രണ്ടാം വത്തിക്കാൻ കൗൺസിലിനു തുടക്കമിട്ടു. കൗൺസിലിന്റെ ആദ്യഘട്ടം ജോൺ 23–ാം മൻ പാപ്പയും അദ്ദേഹത്തിന്റെ മരണത്തെടുടർന്ന് രണ്ടാം ഘട്ടം പോൾ 6–ാം മൻ പാപ്പയും നിർവ്വഹിച്ചു 4 സെഷ്നുകൾ ദീർഘിച്ച കൗൺസിലിൽ നിന്ന് ഉരുത്തിരിഞ്ഞതാണ് 16 പ്രമാണരേഖകൾ.

ചരിത്രവും സമൂഹവും, സാങ്കേതികവിദ്യകളും അതിവേഗം മാറികൊണ്ടിരിക്കുകയും ലേകത്തിൽ മാറ്റവും നൂതനകണ്ടുപിടുത്തങ്ങളും നിയമമായി മാറുകയും ചെയ്യുന്നത് തിരിച്ചറിഞ്ഞ സഭ, കാലത്തിന്റെ അടായാളങ്ങൾ സൂഷ്മ നിരീക്ഷണം ചെയ്ത് സുവിശേഷവെളിച്ചത്തിൽ, വ്യാഖ്യാനിക്കാൻ തയ്യാറായി. ഈ ജീവിതവും ഭാവിജീവിതവും സംബന്ധിച്ച് മനുഷ്യൻ നിരന്തരം ന്ലകുവാൻ സഭ പ്രാപ്തയാകേണ്ടിയിരിക്കുന്നു. അതുകൊണ്ട് നാം ജീവിക്കുന്ന ലോകത്തേയും അതിന്റെ പ്രതീക്ഷകളും അഭിവാഞ്ഛകളും നാടകീയമായ അതിന്റെ സ്വഭാവവിശേഷങ്ങളും തിരിച്ചറിയണം. (സഭ ആധുനികലോകത്തിൽ).

കാലത്തിന്റെ അടിയന്തരാവശ്യങ്ങൾ നേരിടുകയെന്നത് കൗൺസിലുകളുടെ പൊതുസ്വഭാവമാണ്.സഭയുടെമുഴുവൻ പ്രാതിനിധ്യവും സഭയെമുഴുവൻ സ്വാധീനിക്കുന്നതു കൊണ്ടും, ഇത്തരം സമ്മേളനങ്ങളെ സാർവ്വത്രികമെന്ന് വിശേഷിപ്പിക്കുന്നു. സമ്മേളനം നടക്കുന്ന സ്ഥലത്തോട് ബന്ധപ്പെട്ടാണ് കൗൺസിലുകൾ അറിയപ്പെടുന്നത്. മാർപ്പാപ്പയും സഭയിലെ മെത്രാന്മാരും ഒരു സംഘമായാണ് സാർവ്വത്രിക സൂനഹദോസിൽ പങ്കെടുക്കുന്നത്. ആദ്യസഹസ്രാബ്ദത്തിൽ എട്ടും(1000–1400)മധ്യകാലത്ത് ഏഴും, നവീകരണകാലത്ത് (1400–1700)നാലും ആധുനികകാലത്ത് (1800–2000) രണ്ടും അങ്ങനെ ഇരുപത്തിയെന്ന് സൂനഹദോസുകൾ നടന്നു. അവസാനത്തെ രണ്ടും വത്തിക്കാനിൽ വച്ചുനടന്നു.

രണ്ടാം വത്തിക്കാൻ കൗൺസിലിൽ മെത്രാന്മാരുടെ അധികാരവും അല്മായരുടെ സ്ഥാനവും സുവ്യക്തമാക്കി.കൂടാതെ ഉറവിടങ്ങളിലേക്ക് തിരിച്ചു പോയി, സഭയുടെ മങ്ങിപ്പോയ ചൈതന്യവും ദിശാബോധവും തിരിച്ചെടുക്കാനും അതിവേഗം പുരോഗമിക്കുന്ന ലോകത്തിൽ സഭയെ കാലാനുസൃതമാക്കാനും സഭൈക്യം പുനഃസ്ഥാപിക്കാനും, ലോകത്തോട് സ്നേഹസംവാദത്തിലേർ പ്പെടാനും സഭയെ സന്നദ്ധമാക്കി. രണ്ടാം വത്തിക്കാൻ കൗൺസിലിൽ ഇതരസഭാംഗങ്ങളിലും, ഇതരമതസ്ഥരിലും, താല്പര്യമുണർത്തി. കൗൺസിലിനു മുമ്പ് ഭാഷാ പ്രശ്നം മൂലം അല്മായരും പൗരോഹിത്യവൃന്ദവും തമ്മിൽ ദൃശ്യമായ അകലം നിഴലിച്ചിരുന്നു, കൗൺസിലിനുശേഷം സ്ഥിതിയാകെ മാറി. അവരവരുടെ മാതൃഭാഷയിൽ കുർബ്ബാനയിലും മറ്റുകൂദാശകളിലും പങ്കുകൊള്ളുക. വി.ഗ്രന്ഥം വായിക്കാൻ സാധിക്കുക എന്നിവ സഭാംഗങ്ങൾക്ക് ദൈവികസാന്നിധ്യം അനുഭവിച്ചറിയുവാനിടയാക്കി.

### 3. കൗൺസിൽ സഭയിലൂടെ

ദൈവികവും മാനുഷികവുമായ ഒരു സ്ഥാപനമാണ് സഭ. ക്രിസ്തുവാണവളെ നാമകരണം ചെയ്തത്. ചരിത്രത്തിന്റേയും ജീവിതത്തിന്റേയും കേന്ദ്രസഥാനത്തുനില്ക്കുന്നത്

എക്കാലത്തും ക്രിസ്തുവാണ്. സഭയ്ക്കു ക്രിസ്തുവായുള്ള ഐക്യത്തിന്റെ പ്രകാശനമാണ് സാർവ്വത്രിക സൂനഹദോസുകൾ. കൗൺസിലിന്റെ പ്രകാശത്താൽ പ്രശോഭിതയായ സഭ നവമായൊരു ചൈതന്യവും ശക്തിയുമാർജ്ജിച്ചു ഭീതിരഹിതമായി ഭാവിയെ പ്രതീക്ഷിക്കും. ആവശ്യമായ സംഗതികളിൽ സഭതന്നെത്തന്നെ ആധുനീകരിക്കുന്നതുകൊണ്ടും, പരസ്പര സഹകരണത്താൽ സംഘടിപ്പിക്കുന്നതുകൊണ്ടും, വ്യക്തികളും കുടുംബങ്ങളും ജന സമൂഹങ്ങളും സ്വർഗ്ഗീയകാര്യങ്ങളിലേയ്ക്കു തിരിയും. സകലനന്മകളുടേയും ദാതാവായ ദൈവത്തിനു നന്ദിപറയുവാനും യുഗങ്ങളുടെ രാജ്യവും ജനപദങ്ങളുടെ അധിപനും നമ്മുടെ നാഥനുമായ ക്രിസ്തുവിന്റെ മഹത്വം സന്തോഷത്തിന്റെ കീർത്തനങ്ങളോടൊന്നിച്ചു പാടാനും കൗൺസിൽ പ്രേരണയായി.

## 4. സഭ- ദൈവത്തിന്റെ പദ്ധതിയിൽ

സഭ, വിളിച്ചുകൂട്ടപ്പെട്ട സമൂഹം എന്നർത്ഥം. ഏദേൻ തോട്ടത്തിൽ ആദിമാതാപിതാക്കളെ വിളിച്ച് ദൈവം സഭയ്ക്കു തുടക്കമിട്ടു. ആവശ്യസന്ദർഭങ്ങളിൽ വേണ്ട നിർദ്ദേശങ്ങൾക്കും, തിരുത്തലുകൾക്കുമായി അവിടുന്ന് നോഹയെ, അബ്രാഹത്തെ,മോശയെ, പ്രവാചകന്മാരെ ഒക്കെ വിളിച്ചു. സീനായ് മലയിൽ, മേഘസ്തംഭത്തിലിറങ്ങിവന്ന് ദൈവം മോശയുമായി നടത്തിയ സംഭാഷണം എത്രഹൃദയാവർജ്ജകമാണ്. തർക്കങ്ങളും പ്രശ്നങ്ങളും പരിഹരിക്കാൻ പ്രഭാതം മുതൽ പ്രദോഷംവരെ കഷ്ടപ്പെട്ടിരുന്നമോശ, അമ്മായിയപ്പനായ ജെത്രോയുടെ നിർദ്ദേശപ്രകാരം കഴിവും ദൈവഭയമുള്ളവരും സത്യസന്ധരും കൈക്കൂലിവെറുക്കുന്നവരുമായവരെ തെരഞ്ഞെടുത്ത് ആയിരംവും, നൂറും, അമ്പതും, പത്തും ഗണങ്ങളുടെ അധിപരാക്കിയത് ഇന്നത്തെ മാർപ്പാപ്പ, മെത്രാൻ,വൈദികർ തുടങ്ങിയവരുടെ മുന്നോടിയും കൗൺസിലുകളുടെ മുന്നാസ്വാദനവുമല്ലേ? അഹറോന്റേയും പുത്രന്മാരുടേയും അഭിഷേകക്രമത്തിനും ബലികൾക്കുമെല്ലാം ദൈവം നിർദ്ദേശം നല്കി. അങ്ങനെ ഈശോയുടെ പരസ്യജീവിതം വരെ ദൈവം നേരിട്ടു വിളിച്ചുക്കുട്ടുന്ന സൂനഹദോസുകൾ കാണാം. ജോർദ്ദാനിലെ മാമ്മോദീസാവേളയിൽ, ത്രിത്വത്തിന്റെ രഹസ്യം വെളിപ്പെടുത്തിക്കൊണ്ട്. കാലത്തിന്റെ തികവിൽ പിതാവിന്റെ രക്ഷാകരപദ്ധതി പൂർത്തിയാക്കുക എന്ന തന്റെ ദൗത്യം ഈശോ പൂർത്തിയാക്കി. സദ്വാർത്ത അതായത് വി.ലിഖിതങ്ങളിൽ യുഗങ്ങളിലൂടെ വാഗ്ദാനം ചെയ്യപ്പെട്ട ദൈവരാജ്യത്തിന്റെ ആഗമനം പ്രഘോഷിച്ചു കൊണ്ട് കർത്താവായ യേശു തന്റെ സഭയുടെ ആരംഭം കുറിച്ചു.

ദൈവരാജ്യത്തിന്റെ പൂർണ്ണത സംജാതമാക്കുന്നതുവരെ നിലനിൽക്കുവാൻ പത്രോസിനെ തലവനാക്കി, പന്ത്രണ്ടുപേരെതെരഞ്ഞെടുത്തു. ഇസ്രായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളുടെ പ്രതിനിധികളായി അവർ പുതിയ ജറുസലേമിന്റെ അടിസ്ഥാനശിലകളായി. പന്ത്രണ്ടുപേരും മറ്റു ശിഷ്യന്മാരും ക്രിസ്തുവിന്റെ ദൗത്യത്തിലും, ശക്തിയിലും ഭാഗധേയത്വത്തിലും പങ്കുകാരായി. ലോകത്തിൽ നിർവഹിക്കാനായി പിതാവു പുത്രനെ ഏല്പിച്ചജോലി

പൂർത്തിയായപ്പോൾ നിരന്തരം സഭയെ വിശുദ്ധീകരിക്കുവാൻ പന്തക്കുസ്താദിനം പരിശുദ്ധാത്മാവ് അയയ്ക്കപ്പെട്ടു. സഭ തന്റെ തീർത്ഥയാത്രയിൽ ഈ ലോകത്തിന്റെ പീഡനങ്ങളുടേയും ദൈവം നല്കുന്ന ആശ്വാസങ്ങളുടേയും ഇടയിലൂടെ മുന്നേറുന്നു സഭ സത്താപരമായി ഒരേ സമയം മാനുഷികവും ദൈവികവുമാണ്. പരിശുദ്ധാത്മാവാണ് കാലാകാലങ്ങളിൽ സഭയെ നയിക്കുന്നത്

അപ്പസ്തോലപ്രവർത്തനങ്ങളിൽ ജറുസലേം സൂനഹദോസിനെ (Act15:35) പ്പറ്റിനാം വായിക്കുന്നു. നിക്യാസൂനഹദോസു മുതൽ രണ്ടാം വത്തിക്കാൻ കൗൺസിൽവരെയുള്ള ഇരുപത്തിയൊന്നു സൂനഹദോസുകളിലൂടെ പരിശുദ്ധാത്മാസഹായത്താൽ സഭയുടെ അകത്തും പുറത്തും വിശ്വവ്യാപകമായ പരിവർത്തനങ്ങൾ വരുത്താൻ സാധിച്ചു. അതിൽത്തന്നെ ആധുനികസഭയുടെ അവസാനിക്കാത്ത വസന്തമായി രണ്ടാം വത്തിക്കാൻ കൗൺസിൽ തല ഉയർത്തിനില്ക്കുന്നു.

### 5. കൗൺസിൽലക്ഷ്യങ്ങൾ

അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ലോകത്തെ സുവിശേഷത്തിന്റെ ജീവദായകവും സനാതനവുമായ ഊർജ്ജവുമായി ബന്ധപ്പെടുത്തുകയെന്നതാണ് സഭയുടെ ദൗത്യം. സമകാലിക ലോകത്തിന്റെ പ്രശ്നങ്ങൾ കാര്യക്ഷമമായി പരിഹരിക്കുന്നതിന് സഭയ്ക്കു നല്കാനാവുന്ന സംഭാവനകളെക്കുറിച്ച് വിചിന്തനം ചെയ്യുക സഭാംഗങ്ങളുടെ വിശുദ്ധീകരണം ഉറപ്പാക്കുക, സഭയുടെ യുവത്വം വീണ്ടെടുത്ത് പ്രകാശിപ്പിക്കുക, വിശ്വാസസത്യങ്ങൾ കാലികവും പ്രസക്തവുമായ വിധം വ്യക്തമാക്കുകയും പരസ്പരസ്നേഹം വളർത്തി വേർപിരിഞ്ഞ സഹോദരങ്ങളെ സഭൈക്യത്തിലേക്കു കൊണ്ടുവരിക ക്രൈസ്തവസിദ്ധാന്തത്തിന്റെ ദിവ്യനിക്ഷേപം സംരക്ഷിക്കുകയും കൂടുതൽ കാര്യക്ഷമമായി പഠിപ്പിക്കുക സ്വർഗ്ഗോന്മുഖമായി ചരിക്കാൻ മനുഷ്യനെ സദാ നിർബ്ബന്ധിക്കുക സമാധാനത്തിലേക്ക് സകലമനുഷ്യരേയും നയിക്കുക തുടങ്ങിയവ ലക്ഷ്യങ്ങളായിരുന്നു.

### 6. കൗൺസിൽ ചരിത്രസംഭവങ്ങളിലൂടെ

കൗൺസിൽ ചർച്ചചെയ്തു തീരുമാനമെടുത്ത പ്രമേയങ്ങളും രേഖകളും ശ്രദ്ധേയങ്ങളാണ്. തിരുസഭ (LG) എന്ന കോൺസ്റ്റിറ്റ്യൂഷനിൽ ദൈവജനം എന്ന അധ്യായം ഹയരാർക്കിഎന്ന അധ്യായത്തിനുമുമ്പ് ഉൾപ്പെടുത്തി സഭാംഗങ്ങളുടെ അല്മായർ, പുരോഹിതർ,സന്യസ്തർ-യഥാർത്ഥമായ സമത്വവും സ്ഥാനവും കൂട്ടായ്മയും സംബന്ധിച്ച സഭയുടെ ശരിയായ ആത്മബോധം വ്യക്തമാക്കുന്നതാണ് ഈ തീരുമാനം.

കൗൺസിലിന്റെ സൂത്രധാരകനായിരുന്ന ജോൺഇരുപത്തിമൂന്നാമൻ മാർപ്പാപ്പയ്ക്കുശേഷം പാപ്പയായ പോൾ ആറാമൻ കൗൺസിൽ നാലുലക്ഷ്യങ്ങൾക്ക് സഭയെ കൃത്യമായി നിർവ്വചിക്കുക സഭയെ നവീകരിക്കുക, സഭൈക്യത്തിനായിയത്നിക്കുക, വർത്തമാനകാലവുമായി സംഭാഷണത്തിലേർപ്പെടുക -ഊന്നൽ കൊടുത്തു.

1960 ൽ തന്നെ സഭൈക്യത്തിനുള്ള സെക്രട്ടറിയേറ്റ് റോമിൽ സ്ഥാപിതമായി സഭയുടെ ഉറവിടങ്ങളിലേക്ക് തിരിച്ചു പോകാനുള്ള സന്നദ്ധതയുടേയും ക്രിസ്തുവിൽ വിശ്വസിക്കുന്നവരെയെല്ലാം ഒന്നായി കാണുന്നതിന്റെ പ്രതീകമായി വിശുദ്ധനാട് സന്ദർശിച്ചു. കൗൺസിലിനിടയിൽ പോൾ ആറാമൻ പാപ്പ തന്റെ ആദ്യത്തെ ചാക്രിയലേഖനമായ നമ്മുടെ സഭ പ്രസിദ്ധീകരിച്ചു(1964) സഭയുടെ സാർവ്വത്രികതയുടേയും മതാന്തരതുറവിന്റേയും സന്ദേശം നൽകികൊണ്ട് കത്തോലിക്കാസഭയുടെ തലവൻ കേവലം 3% താഴെ ക്രൈസ്തവരുള്ള ഇൻഡ്യ സന്ദർശിക്കാൻ ബോംബെയിലെ ദിവ്യകാരുണ്യ കോൺഗ്രസിനെത്തി (1964).

സഭയും ഇതരമതങ്ങളും തമ്മിലുള്ള ബന്ധം കൈകാര്യം ചെയ്യുവാൻ ഒരു സെക്രട്ടറിയേറ്റ് വത്തിക്കാനിൽ സ്ഥാപിക്കപ്പെട്ടു. കൂടാതെ മതവിശ്വാസികളല്ലാത്ത വർക്കും സെക്രട്ടറിയേറ്റ് ആരംഭിച്ചു (1965). സഭൈക്യശ്രമങ്ങൾക്ക് വിജയസാധ്യത വർദ്ധിപ്പിക്കുവാൻ പോൾ ആറാമൻ പാപ്പയും ഇസ്ലാംബൂളിലെ അത്തനഗോറസ്സ് പാത്രിയർക്കായും വലിയ പൗരസ്ത്യശീശ്മയ്ക്കു കാരണമാക്കിയ 1054 ലെ പരസ്പര ഭൃഷ്ട് പിൻവലിച്ചു.

## 7. കാലോചിതമായ സമീപനം

ചരിത്രവും സമൂഹവും പ്രത്യേകിച്ച് സാങ്കേതികവിദ്യകളും അതിവേഗം മാറിക്കൊണ്ടിരിക്കുന്ന ആധുനിക ലോകത്തെയും അതിന്റെ സംസ്കാരത്തെയും കുറിച്ച് ഭാവാത്മക സമീപനം വേണ്ടിടത്തോളം വൈവിധ്യത്തിന് അംഗീകാരം ഇതരസഭകളോടും ഇതരമതങ്ങളോടും മതവിശ്വാസികളല്ലാത്തവരോടും ലോകം മുഴുവനോടുമുള്ള തുറവും സംവാദാത്മകതയും അകറ്റുന്ന കാര്യങ്ങളെക്കാൾ തമ്മിൽ അടുപ്പിക്കുന്ന പൊതുഘടകങ്ങൾ കണ്ടെത്തുന്നതിനു മുൻഗണന അങ്ങനെ മാറ്റത്തേയും വളർച്ചയേയും സൂചിപ്പിക്കുന്നതും ഐക്യത്തിലേയ്ക്കുള്ള പാതതുറക്കുന്നതുമായ വളർച്ചയേയും സൂചിപ്പിക്കുന്നതും ഐക്യത്തിലേയ്ക്കുള്ള പാതതുറക്കുന്നതുമായ സമീപനങ്ങലായിരുന്നു കൗൺസിലിന്റേത്. സഭാസംവിധാനത്തിന്റെ ജാലകങ്ങൾ തുറന്നിടുക പൊടിപടലങ്ങൾ പുറത്താക്കുക ശുദ്ധവായുവിന് ഉൾപ്രവേശനം നൽകുക ഇതായിരുന്നു കൗൺസിലിന്റെ പ്രവർത്തന ശൈലി. ഉറവിടങ്ങളിലേയ്ക്ക് തിരിച്ചു പോകുന്നതോടൊപ്പം ആധുനികരണവും ലക്ഷ്യമായിരുന്നു. എല്ലാ ക്രൈസ്തവവൃത്തി സഭകളുടേയും പാരമ്പര്യത്തിന്റെ പഴമയും വർത്തമാനത്തിന്റ പുതുമയും എതിർശക്തികളായി കാണാതെ രണ്ടും ഒരേസമയം വേണ്ട പോലെ പരിഗണിച്ച് രണ്ടിൽ നിന്നും നല്ലതെല്ലാം സ്വീകരിക്കാനുള്ള സമീപനം ആയിരുന്നു കൗൺസിൽ കൈക്കൊണ്ടത്.

## 8. കൗൺസിൽ ഫലങ്ങൾ

ദൂരവ്യാപകമായ മാറ്റങ്ങൾ സഭയുടെ ആത്മബോധത്തിലും, ലോകത്തോടുള്ള ബന്ധത്തിലും സമീപനങ്ങളിലും പ്രവർത്തനങ്ങളിലും പ്രവർത്തനശൈലിയിലും ഉളവായി. വ്യതിയാനങ്ങൾക്ക് ആധാരമായ ഉൾക്കാഴ്ചകളും നിർദ്ദേശങ്ങളും ക്രോഡീകരിച്ച് 16 രേഖകൾ

കൗൺസിൽ പ്രസിദ്ധീകരിച്ചു. ആ രേഖകളിൽ നാലെണ്ണം കോൺസ്റ്റിറ്റ്യൂഷൻ എന്ന പേരിലറിയപ്പെടുന്നു. പ്രധാനപ്പെട്ട രേഖകളിൽ രണ്ടെണ്ണം സഭയെക്കുറിച്ച് തിരുസഭ സഭ ആധുനിക ലോകത്തിൽ ആരാധനാക്രമത്തേയും ദൈവാവിഷ്ക്കരണത്തേയും കുറിച്ചുള്ളതാണ് മറ്റുരണ്ടെണ്ണം ഒൻപതെണ്ണം ഡിക്രികളെന്നറിയപ്പെടുന്നു. മെത്രാന്മാർ വൈദികർ വൈദികപരിശീലനം, സന്യാസിമാർ അല്മായർ എന്നിങ്ങനെ സഭാസമൂഹത്തോടും വ്യത്യസ്തജീവിതാവസ്ഥകളോടും ശുശ്രൂഷകളോടും ബന്ധപ്പെട്ട വിഷയങ്ങളും സഭൈക്യപ്രസ്ഥാനം പൗരസ്ത്യസഭകൾ എന്നിവയും പ്രേഷിതപ്രവർത്തനം സാമൂഹിക സമ്പർക്കമാധ്യമങ്ങൾ എന്നിവയുമാണ് ഡിക്രികൾ ചർച്ചചെയ്യുന്നത്. ഇതരമതങ്ങൾ മതസ്വാതന്ത്ര്യം ക്രിസ്തീയ വിദ്യാഭ്യാസം എന്നിവയെക്കുറിച്ചുള്ള രേഖകൾ ഡിക്ലറേഷനുകളാണ്.

**9. 16 പ്രമാണരേഖകളിലൂടെ**

**ആത്മബോധത്തിന്**

1. ജനതകളുടെ പ്രകാശം എന്നാരംഭിക്കുന്ന തിരുസഭ യെപ്പറ്റിയുള്ള കോൺസ്റ്റിറ്റ്യൂഷനാണ് ദൈവശാസ്ത്രപരമായി ഏറ്റവും വിലപ്പെട്ട കൗൺസിൽ സാഭാവന. വൈദികാല്മയവിടവു നികത്താൻ,സഭയെ ദൈവജനം എന്ന് വിശേഷിപ്പിച്ച് (തിരുസഭ 9–17) സഭയെ തീർത്ഥാടകയായും, ക്രിസ്തുവിന്റെ മൗതികശരീരമായും വിശേഷിപ്പിക്കുവാൻ രേഖയിൽ ശ്രമിച്ചിട്ടുണ്ട്. സഭയുടെ ദൈവികവും മാനുഷികവിമായ അന്തഃസത്ത അതിന്റെ ഘടന സഭാദൗത്യം സഭൈക്യം പ്രേഷിതപ്രവർത്തനം മതാന്തരബന്ധങ്ങൾ ലോകത്തോടുള്ള സ്നേഹസംവാദം സുവിശേഷവല്കരണം, എന്നിവയെല്ലാം ആ രേഖയിൽ മൊട്ടിട്ടുനില്ക്കുന്നു.

**2. ദൈവാവിഷ്കരണം**

ദൈവാവിഷ്കരണം സംബന്ധിക്കുന്ന കോൺസ്റ്റിറ്റ്യൂഷനിൽ ബൈബിളിന്റെ പ്രാധാന്യം വ്യക്തമാക്കുന്നു. അദൃശ്യനായ ദൈവം തന്റെ സ്നേഹത്തിന്റെ സമൃദ്ധിയിൽ മനുഷ്യരോടു സംസാരിക്കുകയും അവരുടെ മധ്യേ വസിക്കുകയും തന്റെ സഹവർത്തിത്വത്തിലേയ്ക്ക് അവരെ ക്ഷണിക്കുകയും കൊണ്ടുവരികയും ചെയ്യുന്നതാണ് ദൈവാവിഷ്ക്കരണം. പാരമ്പര്യം തിരുസഭയുടെ പ്രബോധനങ്ങൾ എന്നിവയ്ക്കൊപ്പം ബൈബിളിനു പ്രാധാന്യംമുണ്ടെന്നുള്ളത് ഈ രേഖ അടിവരയിട്ടുറപ്പിച്ചു. വൈദികരും അല്മായരും ബൈബിൾ പഠനരംഗത്തെ ഗവേഷണഫലങ്ങൾ ഉൾക്കൊള്ളുകയും തങ്ങളുടെ അറിവ് ആധുനീകരിക്കുകയും ചെയ്തു. കത്തോലിക്കരും പ്രൊട്ടസ്റ്റന്റുകാരും തമ്മിലുള്ള സഭൈക്യസംഭാഷണ പുരോഗതിയുടെ നാഴികക്കല്ലുമായി ഈ പ്രമാണരേഖ.

നവീകരണത്തിന് ( തിരുസഭ സർവതോന്മുഖമായ നവീകരണമാണ് അടുത്ത ೨ കൗൺസിൽ പ്രമാണങ്ങളുടെ ലക്ഷ്യം)

### 3. ആരാധനക്രമം

സഭാജീവിതത്തിന്റെയും ദൗത്യത്തിന്റേയും ഉറവിടവും ഉച്ചകോടിയുമായ വി.കുർബ്ബാനകേന്ദ്രമായ ലിറ്റർജിയുടെ പുനരുദ്ധാരണവും നവീകരണവും വഴി സഭാജീവിതത്തിന് പുത്തൻ ചൈതന്യം നല്കുവാൻ വി.കപർബ്ബാനയുടെ സജീവഭാഗഭാഗിത്വം മനസ്സിലാക്കുവാൻ ആരാധനക്രമം എന്ന രേഖസഹായകമായി വി.ഗ്രന്ഥത്തിന്റെ മുഖ്യസ്ഥാനം ദിവ്യബലിയിലും കൂദാശപരികർമ്മങ്ങളിലും പ്രാദേശിക ഭാഷയുടെ പ്രയോഗം ആരാധനാ ക്രമങ്ങളിൽ വിവിധ സംസ്കാരങ്ങൾക്കും ആചാരങ്ങൾക്കുമിണങ്ങിയ അനുരൂപണം തുടങ്ങിയവ അംഗീകരിക്കുകയും പ്രോത്സാഹിപ്പിക്കുകയും ഇതിൽ ചെയ്യുന്നു.

കൗൺസിലിനു മുമ്പ് ഭാഷാപ്രശ്നംമൂലം അല്മായർ വികുർബ്ബാനയിൽ വെറും കാണികൾ മാത്രമായിരുന്നു. സ്വന്തം മാതൃഭാഷയിൽ കാർമ്മികനൊടൊപ്പം ജനങ്ങൾ വി.കുർബ്ബാന പുസ്തകം ഉപയോഗിച്ച് പ്രാർത്ഥനകൾ ചൊല്ലിയും പാട്ടുപാടിയും സജീവമായി പങ്കുചേരാൻ കഴിയുന്നത് കൗൺസിൽ കൊണ്ടു ലഭിച്ച വിപ്ലകരവും ആനന്ദകരവുമായ മാറ്റമാണ്, ഭാഗ്യമാണ്.

### 4. പൗരസ്ത്യസഭകളെപ്പറ്റിയുള്ള ഡിക്രി

കത്തോലിക്കാസഭയിൽ പാശ്ചാത്യപൗരസ്ത്യസഭകൾക്ക് തുല്യസ്ഥാനമാണുള്ളത് എന്ന് സ്ഥാപിക്കുന്നു. സഭയുടെ ആന്തരികകെട്ടുറപ്പിന് ഉന്നംവയ്ക്കുന്നു. എക്യുമെനിസം വ്യക്തിസഭകളുടെ കൂട്ടായ്മ സഭകളുടെ തനിമയുടെ മേഖലകൾ ഭരണരീതി ആരാധനക്രമം ഒരേ കൂദാശകൾ ഒരേവിശ്വാസം ഏകസാർവ്വത്രികതലവൻ അവകാശങ്ങൽ കടമകൾ ഇതരസഭകളുമായുള്ള വിവാഹബന്ധങ്ങൾ തുടങ്ങിയവ രേഖയിൽ പരാമർശിക്കുന്നു.

### 5. മെത്രാന്മാരുടെ അജപാലനം

മെത്രാന്മാരുടെ ദൈവദത്തമായ സ്ഥാനവും ചുമതലകളും വ്യക്തമാക്കുന്നു മെത്രാന്മാരുടേയും മാർപ്പാപ്പയുടേയും സംഘാത്മാകതയുടെ അവതാരണം (മെത്രാ 47) രാജ്യങ്ങളുടേയും ഭൂഖണ്ഡങ്ങളുടേയും മെത്രാന്മാരുടെയും സമിതികൾ രൂപികരിക്കുന്നതുപോലുള്ള കാര്യങ്ങൾ ക്രമീകരിച്ചു.

### 6. വൈദികശുശ്രൂഷയെപ്പറ്റിയുള്ള ഡിക്രി

വൈദികജീവിതം നവീകരിച്ച് കർമ്മോത്സുകമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ കൗൺസിൽ നല്കി മെത്രാനോടൊത്ത് സഭാസമൂഹത്തെ നയിക്കുകയും പഠിപ്പിക്കുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്ന വിളി സ്വീകരിച്ച വൈദികരിൽ ജ്വലിക്കുന്ന നവീകരണം പരസ്നേഹത്തിനും സകലർക്കും വേണ്ടിയുള്ള പ്രത്യേകമായി ദരിദ്രർക്കും വേണ്ടിയുള്ള സമ്പൂർണ്ണ സ്വയം ദാനത്തിനു ഊന്നൽ കൊടുത്തു.

സഭ, ദാരിദ്രാരൂപിയും ലളിതജീവിതശൈലിയും സ്വീകരിക്കണമെന്നും ദരിദ്രരുടേയും അനീതി അനുഭവിക്കുന്ന വരുടേയും കൂടെ നടക്കാൻ ശ്രമിക്കണമെന്നും നിർദ്ദേശിക്കുന്ന പാവങ്ങളുടെ ഇടയിൽ എന്നറിയപ്പെടുന്ന ഫ്രാൻസീസ് അസ്സിസ്സിയുടെ പേരുസ്വീകരിച്ച

നമ്മുടെ ഫ്രാൻസീസ് ഒന്നാമൻ പാപ്പയും ഈശോയുടെ സ്നേഹം അവയവദാനത്തിലൂടെ ലോകത്തിന്റെ മുമ്പിൽ അവതരിപ്പിച്ച ഫാ. ചിറമേൽ, ഫാ. കൊടിയൻ, ഫാ.ജേക്കബ് കോഴുവള്ളി തുടങ്ങിയവരും കൗൺസിൽ സംഭവനകളാണ്.

**7. സന്യാസജീവിത നവീകരണം**

സന്യാസജീവിത്തിന്റെ പ്രാഥമികനിയമവും ആത്യന്തികമാനദണ്ഡവും സുവിശേഷം ആയിരിക്കണമെന്നും സന്യാസജീവിതത്തിൽ കാകാനുസൃതമായ നവീകരണങ്ങൾ വരുത്തണമെന്നും ഡിക്രിനിർദ്ദേശിക്കുന്നു. ദൈവസ്നേഹത്താലപം മനുഷ്യസ്നേഹത്താലും പ്രചോദിതരായി പരസ്യമായും സ്വതന്ത്രമായും ഏറ്റെടുക്കുന്ന വ്രതങ്ങളുടെ ദാരിദ്രം ബ്രഹ്മചര്യം അനുസരണം അടിസ്ഥാനത്തിലുള്ള സമർപ്പിതജീവിതം വഴി നല്കപ്പെടുന്ന ശക്തമായ സാക്ഷ്യമാണ് സഭാംഗങ്ങളെന്ന നിലയിൽ അവരുടെ മുഖ്യമായ പ്രത്യേകത സ്ഥാപനകാലത്തും സ്ഥാപകരിലും ഉണ്ടായിരുന്ന ദിശാബോധവും തീക്ഷണതയും ഇന്ന് സന്യാസസഭകളിൽ പുനർജ്വലിക്കണം.

**8. വൈദികപരിശീലനം സംബന്ധിച്ചഡിക്രി**

ക്രിസ്തുകേന്ദ്രീകൃതമായി സ്ഥലകാലസാഹചര്യങ്ങൾക്കിണങ്ങുന്ന വിധത്തിൽ യാഥാർത്ഥ്യബോധത്തോടെ അജപാലന്മോഖുതയ്ക്ക് ലക്ഷ്യം വച്ചുകൊണ്ട് സമഗ്രമായ പക്വതപ്രാപിക്കുന്നതിനാവശ്യമായ ശിക്ഷണവും പരിശീലനവും നല്കണം താത്വിക പഠനത്തോടൊപ്പം ആദ്ധ്യാത്മികരൂപവല്കരണവും വൈദികനായശേഷം ലഭിക്കേണ്ട തുടർപരിശീലനവും വൈദികാന്തസിലേയ്ക്കുള്ള ദൈവവിളിക്ക് പ്രോത്സാഹനം നൽകാനുള്ള സഭാംഗങ്ങളുടെ കടമയും ഈ രേഖയിൽ പ്രതിപാദിക്കുന്നു.

അന്നുകുടുംബങ്ങളിൽ നിന്ന് ലാളനയേറെ അനുഭവിച്ചു വരുന്ന കുട്ടികൾക്ക് ആധുനികയുഗത്തിനനുസൃതമായ പരിശീലനം, ക്രിസ്തുകേന്ദ്രീകൃതമായി, വേണ്ടിവരാം.

**9. അല്മായപ്രേഷിതത്വത്തെപ്പറ്റിയുള്ള ഡിക്രി**

ക്രൈസ്തവവിളിയും ദൗത്യവും മുഖ്യമായും കുടുംബത്തിലും ലോകത്തിലുമായി സാക്ഷാത്കരിക്കുന്നവരാണ് അല്മായർ രക്ഷാകരദൗത്യത്തിലുള്ള ഭാഗഭാഗിത്വമാണ് അല്മായരുടെ പ്രേഷിതത്വം മറ്റ് അംഗങ്ങളെപ്പോലെ അല്മായരേയും ജ്ഞാനസ്നാനവും സ്ഥൈര്യലേപനവും വഴി. ഈ പ്രേഷിതത്വത്തിനായി നിയോഗിച്ചിരിക്കുന്നത് കർത്താവായ ക്രിസ്തുതന്നെയാണ് (തിരുസഭ 33) ക്രൈസ്തവദൗത്യം നേരിട്ട് കുടുംബം സാമ്പത്തികം, രാഷ്ട്രീയം ലോകജീവിത രംഗങ്ങളിൽ നിർവഹിക്കുന്നു എന്നത് അല്മായ ദൗത്യത്തിന്റെ തനിമയാണ്.

**10. തിരുസഭയുടെ പ്രേഷിതവൃത്തി**

പ്രഘോഷണവും തുടർന്ന് വിശ്വസിക്കുന്നവർക്കുവേണ്ടിയുള്ള സഭാ സ്ഥാപനവുമാണ് മിഷൻ അഥവാ പ്രേഷിതപ്രവർത്തനം യേശുവിന്റെ കല്പന (മത്താ 28-19)യും സഭയുടെ ദൗത്യത്തിന്റെ സാർവ്വത്രികതയും സുവിശേഷപ്രഘോഷണം, അനിവാര്യവും

തിടുക്കമുള്ളതുമാക്കുന്നു കൊൺസിൽ ഉളവാക്കിയ ചില സമീപനമാറ്റങ്ങൾ മിഷൻ പ്രവർത്തനത്തിന്റെ പഴയ ചില ലക്ഷ്യങ്ങളും ശൈലിയും തിരുത്താൻ നിർബ്ബന്ധിക്കുന്നു. ദൈവാവിഷ്ക്കരണത്തിന്റെ അടിസ്ഥാനത്തിലും കാലാനുസൃതമായും രൂപപ്പെടേണ്ട കാഴ്ച്ചപ്പാടും പ്രവർത്തനശൈലിയും അവതരിപ്പിക്കുന്നു പ്രേഷിതപ്രവർത്തനത്തിന്റെ സൈദ്ധാന്തികതത്വങ്ങൾ ജീവിത സാക്ഷ്യത്തിനും സാംസ്കാരിക അനുരൂപണത്തിനും മതബോധനത്തിനുമുള്ള പ്രാധാന്യം പ്രേഷിതസഹകരണം മിഷൻ പ്രവർത്തനം സഭയിൽ സകലരുടേയും കടമയും അവകാശവുമാണ് എന്നീ കാര്യങ്ങളും ഇതിൽ ചർച്ചചെയ്യുന്നു.

**11. ക്രൈസ്തവവിദ്യാഭ്യാസം**

ലോകത്തിനു എന്തെന്തു സേവനങ്ങൾ ചെയ്യുവാൻ കഴിയുമെന്ന സഭയുടെ അന്വേഷണത്തിന്റെ ഭാഗമാണ് ഈ രേഖ വിദ്യാഭ്യാസത്തിന്റെ വർദ്ധിച്ച പ്രാധാന്യത്തെക്കുറിച്ച് നല്ല വിദ്യാഭ്യാസം ഉറപ്പു വരുത്തുന്നതിൽ വിദ്യാർത്ഥികൾ മാതാപിതാക്കൾ, അദ്ധ്യാപകർ, രാഷ്ട്രം സഭ എന്നിവയുടെ പങ്കിനെക്കുറിച്ച് ചർച്ചചെയ്യുന്നു. ആവശ്യങ്ങൾക്കനുസരിച്ച് പ്രത്യേക സ്കൂളുകളും പരിശീലനകേന്ദ്രങ്ങളും പ്രത്യേകിച്ച് അംഗവൈകല്യമുള്ളവർക്കും ദുർബല വിഭാഗക്കാർക്കും വേണ്ടിയുളളവ ആരംഭിക്കുവാനും ആഹ്വാനം ചെയ്യുന്നു.

**ഡയലോഗിന്**

**12. സഭൈക്യത്തെപ്പറ്റിയുള്ള ഡിക്രി**

കത്തോലിക്കാസഭയ്ക്കു പുറമേയുള്ള ക്രിസ്തീയ സമൂഹങ്ങളുമായി പുതിയൊരു ബന്ധം സ്ഥാപിക്കാനുള്ള പുറപ്പാടാണ് ഈ രേഖ ഏക ഇടയന്റെ കീഴിൽ ആകുന്നത് സ്വപ്നം കണ്ടുകൊണ്ട് കത്തോലിക്കാസഭയിൽ നിന്നു വേർപിരിഞ്ഞ പൗരസ്ത്യരും പാശ്ചാത്യരുമായ ക്രൈസ്തവരോട് അനുരഞ്ജനത്തിന്റെ പാതതുറക്കുന്നു സഭാവിഭാഗങ്ങളുടെ നേതാക്കന്മാർ നിർവ്വഹിക്കാനുള്ള മുഖ്യദൗത്യമാണ് ഈ പാലം പണിയൽ പരിശുദ്ധാത്മാവിലും സഭയിലെ ഓരോ അംഗത്തിന്റേയും യഥാർത്ഥമായ ക്രൈസ്തവ ജീവിതത്തിലുമാണ് സഭൈക്യപ്രവർത്തനം അടിസ്ഥാനപ്പെടുത്തേണ്ടത്.

**13. അക്രൈസ്തവമതങ്ങളെപ്പറ്റിയുള്ള പ്രഖ്യാപനം**

ഈരേഖ ഇതര മതങ്ങളോടുള്ള ഡയലോഗിനു വഴി തെളിക്കുന്നു ഗൗരവപൂർവ്വം സ്നേഹസംവാദത്തിലേർപ്പെടേണ്ട സമൂഹങ്ങളാണ് ഇതരമതങ്ങൾ അവയുമായി സ്നേഹത്തിന്റെ സൗഹൃദത്തിന്റെ പാലം പണിയാൻ ബൈബിൾ തന്നെ പ്രേരിപ്പിക്കുന്നുണ്ട് സത്യവും വിശുദ്ധമായ പലതും ഇതരമതങ്ങളിലുണ്ടെന്നും സർവ്വമനുഷ്യരേയും പ്രകാശിപ്പിക്കുന്ന സത്യത്തിന്റെ രശ്മി, അവയിൽ പ്രതിബിംബിക്കുന്നുണ്ടെന്നും സഭ അംഗീകരിക്കുന്നു. ഇതരമതാനുയായികളുമായി വിവേകത്തോടും സ്നേഹത്തോടും കൂടെ സംവാദത്തിലും സഹകരണത്തിലും ഏർപ്പെട്ടു അവരുടെ സാമൂഹികവും സാംസ്ക്കാരികവുമായ മൂല്യങ്ങളും അംഗീകരിക്കുകയും സംരക്ഷിക്കുകയും വളർത്തുകയും വേണം (അക്രൈസ്തവമതങ്ങൾ) യഹൂദമതം യേശുവിന്റേയും മറിയത്തിന്റേയും യൗസേപ്പിന്റേയും മതമായിരുന്നു യഹൂദരും

മുസ്ലീംങ്ങളും ഏകദൈവവിശ്വാസികളാണ് ഭാരതത്തിൽ ജനിച്ചുവളർന്ന ഹിന്ദുമതത്തേയും ബുദ്ധമതത്തേയും രേഖയിൽ പരാമർശിക്കുന്നുണ്ട്.

**14. ലോകവുമായുള്ള ഡയലേഗിന്**

ഈ രേഖ പശ്ചാത്തലം ഒരുക്കുന്നു വ്യക്തികളുടേയും സമൂഹങ്ങളുടേയും മതസ്വാതന്ത്രം ഇതിൽ പ്രഖ്യാപിക്കുന്നു. സഭയും രാഷ്ട്രവും തമ്മിലുള്ള ബന്ധത്തിൽ പുതിയൊരു കാഴ്ചപ്പാടുകുറിക്കുന്നു മതകാര്യങ്ങളിൽ മനഃസാക്ഷിയ്ക്കു വിരുദ്ധമായി പ്രവർത്തിക്കാൻ ആരും നിർബ്ബന്ധിക്കപ്പെടരുത് മനുഷ്യവ്യക്തിക്കുള്ള മഹത്വവും അതർഹിക്കുന്ന ആദരവുമാണ് മതസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനങ്ങൾ ദൈവിക വെളിപാടും ക്രിസ്തുവിന്റേയും അപ്പസ്തോലന്മാരുടേയും മാതൃകയും മതസ്വാതന്ത്ര്യത്തിനു പാതതെളിക്കുന്നു.

**15. സാമൂഹിക സമ്പർക്ക മാധ്യമങ്ങളെ സ്പർശിക്കുന്ന ഡിക്രി**

സഭയും ലോകവും തമ്മിലുള്ള സ്നേഹസംവാദത്തിന് ഏറ്റവും യോജിച്ച മാർഗ്ഗമാണ് ആശയവിനിമയമാധ്യമങ്ങൾ ക്രൈസ്തവസന്ദേശം ലോകത്തിന് നല്കുന്നതിനും സാംസ്ക്കാരികവളർച്ചയെ സഹായിക്കുന്നതിനും സാധിക്കത്തക്കവിധം സിനിമ അച്ചടിമാധ്യമം റേഡിയോ, ടെലിവിഷൻ, കംപ്യൂട്ടർ ഇന്റർനെറ്റ് ഡിജിറ്റൽ സമ്പ്രദായങ്ങൾ നൃത്തം നാടകം ഓട്ടൻതുള്ളൽ കഥകളി പോലുള്ള കലകൾ തുടങ്ങിയവ പ്രയോജനപ്പെടുത്തേണ്ടതാണ് മാധ്യമ പ്രവർത്തകർക്കും അതുപയോഗിക്കുന്നവർക്കും മാധ്യമധാർമ്മികതയെക്കുറിച്ച് ബോധ്യം നേടേണ്ടതുണ്ട്.

മാധ്യമങ്ങളിൽ തെറ്റും ശരിയും ഒളിഞ്ഞു കിടപ്പുണ്ട് ഇന്നത്തെ ലോകത്തിൽ ആബാലവൃദ്ധം ജനങ്ങളേയും മാധ്യമങ്ങൾ സ്വാധീനിക്കുന്നു. ദൈവത്തിന്റെ കാരുണ്യം ലോകത്തനുപകരാൻ സാധ്യമായ എല്ലാ ആധുനിക ഉപാധികളും ഇന്ന് വിശ്വാസപരിശീലനരംഗത്തും സജീവമായിട്ടുണ്ട് സഭാമക്കൾ ഇതിൽ ജാഗരൂകതയോടെ ഉപയോഗിച്ച് കർമ്മനിരതരാകണം.

**16. സഭ ആധുനികയുഗത്തിൽ**

വർത്തമാനകാലത്തിൽ സമ്പന്നർ കൂടുതൽ സമ്പന്നരാകുന്നു ദരിദ്രർകൂടുതൽ ദരിദ്രരും അതിവേഗത്തിലുള്ള മാറ്റങ്ങൾ വ്യക്തികേന്ദ്രീകൃതത്വം നിരീശ്വരത്വം സാങ്കേതികവിദ്യയുടെ പെട്ടെന്നുള്ള വളർച്ച ശാസ്ത്രീയമനോഭാവത്തിന്റെ സ്വാധീനവളർച്ച വ്യാവസായ വല്ക്കരണം ആഗോള വല്ക്കരണം സാമ്പത്തികവും ലിംഗപരവുമായ അസമത്വവും എന്നിവയെയെല്ലാം സുവിശേഷവല്ക്കരണത്തിനും വിശുദ്ധി പ്രാപിക്കുന്നതിനുമുള്ള അവസരമാക്കി മാറ്റുവാൻ സഭയെ തയ്യാറാക്കുകയാണ് സഭ ആധുനിക ലോകത്തിൽ സകലരുടേയും അവകാശങ്ങളെ സംരക്ഷിക്കുന്നതോടൊപ്പം ആത്മീയ നവീകരണവും മറ്റുള്ളവരെ സഹായിക്കാനും ശുശ്രൂഷിക്കുവാനുമുള്ള കടമ ഓർമ്മപ്പെടുത്തുന്നു.

1965 ഡിസം 8 ന് രണ്ടാം വത്തിക്കാൻ കൗൺസിൽ സമാപിച്ചു അഥവാ പുതിയൊരു യുഗം സമാരംഭിച്ചു. കൗൺസിലിനുശേഷം കൗൺസിലിന്റെ പ്രബോധനങ്ങൾ ശരിയായി സ്വീകരിക്കുന്നതിനു സഹായിക്കാൻ വേണ്ടി മാർപ്പാപ്പമാർ കൂടെ കൂടെ സിനഡുകൾ വിളിച്ചുകൂട്ടി സഭയുടെ ഏറ്റവും സാരവത്തായ പ്രമാണരേഖകളിൽ അടങ്ങിയിരിക്കുന്ന കാര്യങ്ങൾ അതിന്റെ പൂർണ്ണതയിലെത്തിക്കാനുള്ള ദൗത്യം കടന്നുവരുന്ന തലമുറകൾക്കുണ്ട്. അത് പുതിയ ചക്രവാളങ്ങൾ തുറന്നിടുകയും സഭയെ നവീകരിക്കുന്നതിന് നൂതനമായ മാർഗ്ഗങ്ങൾ ആവിഷ്കരിക്കുകയും ചെയ്യും കാർഡിനൽ സ്യൂനൻസ്.

**10. വിശ്വാസപരിശീലനം ചരിത്രവഴികളിലൂടെ**

പഴയനിയമകാലഘട്ടത്തിൽ മോശ അബ്രാഹം ജോഷ്വാ തുടങ്ങി പൂർവ്വ പിതാക്കാന്മാരിലൂടെയും പ്രവാചകരിലൂടെയും ന്യായാധിപന്മാരിലൂടെയും ദൈവം ദൈവജനത്തോടും ദൈവജനം ദൈവത്തോടും സംസാരിച്ചു യാഹ്വേ കീരിയോസ് തുടങ്ങിയ പദങ്ങളിലൂടെ താൻ കർത്താവാണെന്ന് ദൈവം മോശയ്ക്കു വെളിപ്പെടുത്തി. കാലത്തിന്റെ പൂർണ്ണതയിൽ (ഗല 4:4) മനുഷ്യവതാരഘട്ടത്തിൽ ദൈവം തന്നെ മനുഷ്യനെത്തേടി മനുഷ്യരുടെ ഇടയിലെത്തി (എസക്കി34-1,11 ഏശ40-10,11) മനുഷ്യാവതാരം സ്വീകരിച്ചപുത്രന്റെ മാമ്മോദീസവേളയിൽ മനുഷ്യബുദ്ധിക്ക് അഗ്രാഹ്യമായ, ത്രിത്വത്തിന്റെ രഹസ്യം വെളിപ്പെടുത്തപ്പെട്ടു രൂപാന്തരീകരണവേളയിൽ ഈശോ പ്രിയപുത്രനെന്നു ദൈവം വെളിപ്പെടുത്തുന്നു. പുത്രനായ ദൈവം പിതാവിനെ വെളിപ്പെടുത്തുക എന്ന തന്റെ ദൗത്യം പൂർത്തിയാക്കി ക്രിസ്തുവാകുന്ന സഭ ഉത്ഥാനന്തരം ശിഷ്യപ്രമുഖനായ പത്രോസിനെ തന്റെ സഭയുടെ തലവനായി അവരോധിച്ചു പരിശുദ്ധാത്മാവായ ദൈവത്തെ വാഗ്ദാനം ചെയ്തുനല്കി പരിശുദ്ധാത്മാപൂരിതരായ പത്രോസിന്റെ നേതൃത്വത്തിലുള്ള അപ്പസ്തോല ഗണം ആ വിശ്വാസനിക്ഷേപം ആദിമസഭയ്ക്കു പകർന്നു നല്കി. ആദിമസഭ അപ്പസ്തോലന്മാരുടെ പ്രബോധനം കൂട്ടായ്മ അപ്പം മുറക്കൽ പ്രാർത്ഥന എന്നിവയിൽ സദാ താല്പര്യപൂർവ്വം പങ്കുചേർന്നു (അപ്പ 2-42).

ആദിമസഭയിലൂടെയും പത്രോസിന്റെ പിൻഗാമിയായ മാർപ്പാപ്പ, മെത്രാന്മാർ, വൈദികർ തുടങ്ങിയ വരിലൂടെയും കൈമാറിക്കിട്ടിയ വിശ്വാസപൈതൃകത്തിന്റെ ചൈതന്യം ചിലപ്പോഴൊക്കെ നഷ്ടമായിട്ടുണ്ട്. ആ സന്ദർഭങ്ങളിൽ സഭാനൗകയുടെ ക്യാപ്റ്റനായ പരിശുദ്ധാത്മാവ് സഭാപിതാക്കന്മാരിലൂടെ ആവശ്യമായ തിരുത്തലുകൾക്ക് പ്രചോദനം നല്കി കാറ്റിലും കോളിലുംപ്പെട്ട് തളരാതെ തകരാതെ സഭാനൗകയെ രണ്ടായിരം വർഷങ്ങൾക്കു ശേഷവും ഉജ്ജ്വലമായി നയിച്ചുകൊണ്ടിരിക്കുന്നു.

**11. കത്തോലിക്കാമതബോധനഗ്രന്ഥത്തിന്റെ പിറവി**

സഭ എന്തുവിശ്വസിക്കുന്നു, എന്ത് ആഘോഷിക്കുന്നു, എന്തു ജീവിക്കുന്നു, അനുദിനജീവിത ചര്യയിൽ എന്തു പ്രാർത്ഥിക്കുന്നു എന്ന് ആർക്കും മനസ്സിലാക്കാൻ സാഹായിക്കുന്നു കത്തോലിക്കാ പ്രബോധനത്തിന്റെ പൂർണ്ണവും സമഗ്രവുമായ വിവരണമായ

ഒരു മതബോധനഗ്രന്ഥത്തിന്റെ ആവശ്യകതയെ ക്കുറിച്ച് സഭാപിതാക്കന്മാരും സഭാംഗങ്ങളും തീവ്രമായി ആഗ്രഹിക്കുന്നു.

ട്രെന്റുകൗൺസിലിനെ തുടർന്ന് 1566 ലാണ് കത്തോലിസഭ ആദ്യമായി സാർവ്വത്രിക മതബോധനഗ്രന്ഥം പ്രസിദ്ധീകരിച്ചത്. പീയൂസ് അഞ്ചാമന്റെ കാലത്ത് മിലാനിലെ മെത്രാപ്പോലീത്തയായിരുന്ന ചാൾസ് ബൊറേമിയയുടെ നേതൃത്വത്തിൽ പുരോഹിതരെ ഉദ്ദേശിച്ചാണ് റോമൻ കാറ്റിക്കിസം പ്രസിദ്ധീകരിച്ചത് കൂടാതെ ജറുസലേമിലെ വി.സിറിൾ വി.യോഹന്നാൻ ക്രിസോസ്തോം, വി.അംബ്രോസ്, വി.ആഗസ്റ്റിനോസ്, വി. പീറ്റർ കനീഷ്യസ് വി.തുരീബിയൂസ് വി.റോബട്ട ബെല്ലാർമിൻ തുടങ്ങി പുണ്യശ്ലോകരായ മെത്രാന്മാരുടേയും, ദൈവശാസ്ത്രജ്ഞന്മാരുടേയും പ്രവർത്തനങ്ങൾ അനേകം മതബോധനഗ്രന്ഥ ങ്ങൾക്കു കാരണമായി.

രണ്ടാംവത്തിക്കാൻ കൗൺസിലിന്റെ ഇരുപതാം വാർഷികത്തിൽ (1985) വി.ലിഖിതം, അപ്പസ്തോലികപാരമ്പര്യം, സഭയുടെ പ്രബോധനാധികാരം എന്നിവയാൽ അധിഷ്ഠിതവും ഇവയാൽ പ്രകാശിതമോ ആയസഭയുടെ വിശ്വാസത്തിന്റേയും കത്തോലിക്കാ പ്രബോധനത്തിന്റേയും കത്തോലിക്കാപ്രബോധനത്തിന്റേയും വ്യക്തമായ പ്രകാശനമായി ഒരു കത്തോലിക്കാമതബോധനഗ്രന്ഥം വേണമെന്ന് മെത്രാന്മാരുടെ സിനഡിൽ തീരുമാനമായി കർദ്ദിനാൾ ജോസഫ് റാറ്റ് സിംഗർ(ബനഡിക്റ്റ് 16) നേതൃത്വം വഹിച്ചു. 1992 ഒക്ടോ 11 ന് വിശ്വാസികൾക്കെല്ലാം ഒന്നു പോലെ സ്വീകര്യമാകുന്ന വിശ്വാസത്തിന്റെ സിംഫണിയായ കത്തോലിക്കാ മതബോധനഗ്രന്ഥം വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ പ്രസിദ്ധീകരിച്ചു.

12. **കത്തോലിക്കാമതബോധനഗ്രന്ഥവും** (സി.സി.സി) **വിശ്വാസപരിശീലനവും**

സി.സി.സി യിൽ വിശ്വാസത്തിന്റെ മൗലിക ഉള്ളടക്കത്തിന്റെ ക്രമവല്ക്കൃതവും. സുസംഘടിതവുമായ സംഗ്രഹം നല്കിയിട്ടുണ്ട് സഭ സ്വീകരിക്കുകയും സംരക്ഷിക്കുകയും തന്റെ രണ്ടായിരം വർഷത്തെ ചരിത്രത്തിൽ നിർദ്ദേശിക്കുകയും ചെയ്ത പ്രബോധനത്തിന്റെ സമ്പത്ത് വിശ്വാസത്തിന് യഥാർത്ഥത്തിൽ ബലം നല്കുന്ന ഉപകരണമാണിത്. വിശ്വാസികൾക്കും വിശ്വാസജീവിതത്തിൽ വിശ്വാസപരിശീലനം നല്കുന്നതിനുവേണ്ടി സഭ നൂറ്റാണ്ടുകളിലൂടെ വിശ്വാസത്തെക്കുറിച്ച് ധ്യാനിക്കുകയും സിദ്ധാന്തത്തിൽ പുരോഗതി ഉണ്ടാക്കുകയും ചെയ്തിന്റെ വിവിധരീതികളുടെ സ്ഥിരം രേഖ ഈ മതബോധനഗ്രന്ഥം നല്കുന്നു വി.ഗ്രന്ഥം മുതൽ സഭാ പിതാക്കന്മാർവരെയും ദൈവശാസ്ത്ര പണ്ഡിതന്മാർ മുതൽ വിശുദ്ധർ വരെയും പ്രദർശിപ്പിച്ച വിവിധരീതികൾ ഇതിലുണ്ട്. രണ്ടാം വത്തിക്കാൻ കൗൺസിലിനോടനുബന്ധിച്ചു പൊതുമതബോധനഡയറക്ടറി (1971) സുവിശേഷവല്ക്കരണം (1974) മതബോധനം (1977)എന്നിവയെക്കുറിച്ചുള്ള മെത്രാന്മാരുടെ സിനഡ് ചർച്ചകൾ സുവിശേഷ പ്രഘോഷണം (1975) മതബോധനം ഇന്ന് (1979) എന്നീ അപ്പസ്തോലിക പ്രബോധനങ്ങൾ ഇവയെല്ലാം കൗൺസിൽ വിശ്വാസപരിശീലനത്തിനു നൽകിയ പ്രാധാന്യത്തിനു സാക്ഷ്യം വഹിക്കുന്നു.

സമസ്തസഭാപാരമ്പര്യത്തിന്റേയും രണ്ടാംവത്തിക്കാൻ കൗൺസിലിന്റേയും വെളിച്ചത്തിൽ, വിശ്വാസത്തേയും ധാർമ്മികനിയമങ്ങളേയും സംബന്ധിക്കുന്ന കത്തോലിക്കാ പ്രബോധനത്തിന്റെ അടിസ്ഥാനപരവും സത്താപരവുമായ ഉള്ളടക്കത്തിന്റെ സജീവ സംശ്ലേഷണം, അവതരിപ്പിക്കുക എന്നതാണ് ഈ മതബോധനഗ്രന്ഥത്തിന്റെ ഉദ്ദേശ്യം വിശ്വാസസത്യത്തിന്റേയും അതിന്റെ പ്രബോധനത്തിന്റേയും ഏകലക്ഷ്യം അനന്തമായ സ്നേഹമായിരിക്കണം. വി.ഗ്രന്ഥത്തിന്റേയും തിരുസഭയുടെ വി.പാരമ്പര്യത്തിന്റേയും സഭയുടെ പ്രബോധനാധികാരത്തിന്റേയും സഭാപിതാക്കന്മാരുടേയും വിശുദ്ധരുടേയും ആദ്ധ്യാത്മികപൈതൃകത്തിന്റേയും വെളിച്ചത്തിൽ ക്രൈസ്തവ വിശ്വാസരഹസ്യം വ്യക്തി പഠിപ്പിക്കാനും അതുവഴി ദൈവജനത്തിന്റെ വിശ്വാസജീവിതം ശക്തിപ്പെടുത്താനും കത്തോലിക്കാ മതബോധനഗ്രന്ഥം ഉദ്ദേശിക്കപ്പെട്ടിരിക്കുന്നു.

കത്തോലിക്കാ വിശ്വാസത്തിന്റേയും ധാർമ്മികതയുടേയും സാരാംശപരവും മൗലികവുമായ ഉള്ളടക്കം സമ്പൂർണ്ണവും സംക്ഷിപ്തവുമായ വേദപാഠംപുസ്തകങ്ങൾക്കുള്ള പരാമർശകേന്ദ്രമായ ഇതു നിലകൊള്ളുന്നു. കത്തോലിക്കാ സിദ്ധാന്തത്തിന്റെ ഭാവാത്മകവും വസ്തുനിഷ്ഠവും പ്രഖ്യാപന പരവുമായ വിശദീകരണം നല്കുന്ന മതബോധനം നടത്താൻ കടമയുള്ളവരെ മെത്രാന്മാർ വൈദികർ മതാധ്യാപകർ തുടങ്ങി മതബോധനത്തിന്റെ ഉത്തരവാദിത്വം വഹിക്കുന്നു എല്ലാവരേയും ഈ പുസ്തകം ലക്ഷ്യമാക്കുന്നു. ഈ മതബോധനഗ്രന്ഥം പടുത്തുയർത്തിയിരിക്കുന്ന നാലുസ്തംഭങ്ങൾ അഥവാ മഹത്തായ ഒരു സിംഫണിയുടെ നാലു ചലനങ്ങളാണ് 1. വിശ്വാസപ്രമാണം 2. കൂദാശകൾ 3. കല്പനകൾ 4. കർത്തൃപ്രാർത്ഥന.

13. **യുവജനമതബോധനഗ്രന്ഥം**

സാർവ്വത്രികസഭയുടെ മതബോധനരംഗത്തെ സുപ്രധാനമായ നാഴികക്കല്ലാണ് കത്തോലിക്കാസഭയുടെ യുവജനമതബോധനഗ്രന്ഥമായ youcat ന്റെ അവതരണം. എന്താണ് വിശ്വസിക്കുന്നത്, ക്രൈസ്തവ രഹസ്യങ്ങൾ എങ്ങനെ ആഘോഷിക്കുന്നു, എങ്ങനെയാണ് ക്രിസ്തുവിലുള്ള ജീവിതമുണ്ടായിരിക്കേണ്ടത്, എങ്ങനെ പ്രാർത്ഥിക്കാം, എന്നിവയാണ് യുവജന മതബോധനത്തിന്റെ ഉള്ളടക്കം വെറും ബാലനാണെന്ന് നീ പറയരുത് ഞാൻ ആരുടെയടുക്കലേയ്ക്കെല്ലാം അയയ്ക്കുന്നുവോ അവരുടെയെല്ലാം അടുക്കലേയ്ക്ക് നീ പോകണം (ജറ. 17) എമിരിറ്റസ് പാപ്പബനഡിക്റ്റ് XVI.

കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം വായിക്കുമ്പോൾ ദൈവരഹസ്യത്തിന്റെ ആശ്ചര്യകരമായ ഐക്യം അവിടത്തെ രക്ഷാകര പദ്ധതി യേശുവിനുള്ള മുഖ്യസ്ഥാനം എന്നിവ ഗ്രഹിക്കാൻ കഴിയും കർത്താവായ യേശുക്രിസ്തുവിന്റെ ശിഷ്യന്മാരുടെ വിശ്വാസം പരിരക്ഷിച്ചുറപ്പിക്കാനും ഐക്യത്തിന്റെ കണ്ണികളെ ഒരേ അപ്പസ്തോലിക വിശ്വാസത്തിൽ കൂട്ടിച്ചേർക്കാനും രണ്ടാം വത്തിക്കാൻ കൗൺസിലിലൂടെ ജന്മമെടുത്ത കത്തോലിക്കാ മതബോധനഗ്രന്ഥത്തിനു കഴിയും.

**14. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ** വെളിച്ചത്തിൽ വിശ്വാസപരിശീലനം

കൗൺസിലിന്റെ വെളിച്ചത്തിൽ 1967ൽ പോൾആറാംമൻ പാപ്പയും 2012 ൽ ബനഡിക്റ്റ് 16–ാം മൻപാപ്പ വിശ്വാസത്തിന്റെ വാതിൽ എന്ന തിരുവെഴുത്തിലൂടെ നവസുവിശേഷ വല്ക്കരണത്തിന്റെ കാഹളം മുഴക്കി. ഹൃദയം മന്ദീഭവിച്ചവരെ ഉണർത്തി, വിശ്വാസത്തിൽ ആഴപ്പെടുത്തുവാൻ സഭാപിതാക്കന്മാരൊപ്പം സഭാമക്കളും ഉണർന്നു പ്രവർത്തിക്കണം.

**15. എന്താണ് വിശ്വാസപരിശീലനം അഥവാ മതബോധനം**

കുട്ടികളുടേയും യുവജനങ്ങളുടേയും മുതിർന്നവരുടേയും വിശ്വാസത്തിലുള്ള പരിശീലനമാണ് മതബോധനം ക്രൈസ്തവജീവിതത്തിന്റെ പീർണ്ണതയിലേയ്ക്ക് ശ്രോതാക്കളെ നയിക്കുകയെന്ന ലക്ഷ്യത്തോടെ സജീവമായും ക്രമീകൃതമായും ക്രൈസ്തവപ്രബോധനങ്ങൾ പഠിപ്പിക്കുകയാണ് മതബോധനത്തിന്റെ മുഖ്യധർമ്മം സുവിശേഷത്തിന്റെ പ്രാരംഭപ്രഘോഷണം, വിശ്വാസത്തിനാധാരമായ വസ്തുക്കളുടെ പരിശോധന, ക്രിസ്തീയ ജീവിതത്തിന്റെ അനുഭവം കൂദാശകളുടെ ആഘോഷം സഭാസമൂഹത്തിലേയ്ക്കുള്ള ഉദ്ഗ്രഥനം അപ്പസ്തോലികവും പ്രേഷിതപരവുമായ സാക്ഷ്യം തുടങ്ങി അജപാലനദൗത്യത്തിന്റെ മതബോധന സ്വഭാവമുള്ള, ചിലഘടകങ്ങളിലാണ് മതബോധനം പടുത്തുയർത്തപ്പെട്ടിരിക്കുന്നത്.

ദൈവത്തെ അറിയാൻ, സ്നേഹിക്കാൻ, അവനെ പ്രഘോഷിക്കാൻ വിശ്വാസപരിശീലനത്തിലൂടെ സാധിക്കും അപ്പസ്തോലന്മാർ വഴിലഭിച്ച വിശ്വാസനിക്ഷേപത്തെ തലമുറകളിലേയ്ക്കു പകർന്നു നല്കി വിശ്വാസം പരസ്യമായി ഏറ്റുപറയുവാൻ സാഹോദര്യത്തിന്റെ പങ്കുവയ്ക്കലിലൂടെ ജീവിക്കുവാൻ ആരാധനാ ക്രമത്തിലൂടെയും പ്രാർത്ഥനയിലൂടെയും അത് ആഘോഷിക്കുവാൻ വശ്വാസപരിശീലനം ഓരോ ക്രിസ്ത്യാനിയേയും പ്രാപ്തരാക്കുന്നു. സഭയുടെ മുഴുവൻ ജീവിതവുമായ അവഗാഢം ബന്ധപ്പെട്ടിരിക്കുന്നതാണ് മതബോധനം.

ഗാർഹികസഭയായ കുടുംബങ്ങളിൽ കുട്ടികളോടൊപ്പം പ്രാർത്ഥിക്കുന്ന മാതാപിതക്കൾ കുട്ടികൾക്ക് വിശ്വാസനീയരായ സാക്ഷികളാകുന്നു (ലിനെയമെന്ത) വിവാഹിതരാകുന്ന പുരുഷനും സ്തീയും വിശ്വാസസംബന്ധമായ നല്ല അറിവു നല്കണം. അമ്മയുടെ ഉദരത്തിൽ വച്ചു തന്നെ വിശ്വാസപരിശീലനം ആരംഭിക്കുന്നു സഭയുടെ രാജ്യത്തിന്റെ ഭാവിവാഗ്ദാനങ്ങളായ കുട്ടികളാകുന്ന പുഷ്പങ്ങൾ കുടുംബങ്ങളിലാണ് പൊട്ടിമുളയ്ക്കുന്നത്. നല്ല വൈദികർ സിസ്റ്റേഴ്സ് അധ്യാപകർ ഡോക്ടർമാർ നേഴ്സുമാർ ഭരണാധികാരികൾ തുടങ്ങിയവരുടെയൊക്കെ വിശ്വാസത്തിന്റെ അടിത്തറ കുടുംബമാണ് സമൂഹത്തിന്റെ ഉന്നതശ്രേണികളിൽ പ്രവർത്തിക്കുന്ന ഉന്നതരായ വ്യക്തികളിൽ നിന്നും തങ്ങൾക്കു കുടുംബത്തിൽനിന്നു കിട്ടിയ ഈശ്വരവിശ്വാസമാണ് എല്ലാ ഉന്നതിക്കും നിദാനം എന്ന പ്രഘോഷണം ഉൾപ്പുളകത്തോടെയാണ് ശ്രവിക്കുന്നത് കുടുംബപേടകത്തിൽ ജീവവായുവും പ്രകാശവും കയറുന്നതിന് വിശ്വാസത്തിന്റെ വാതിലും പ്രാർത്ഥനയുടെ ജനാലയും

ഉണ്ടാകണം കൗൺസിലിന്റെ വെളിച്ചത്തിൽ ക്രൈസ്തവമൂല്യങ്ങളുടേയും സുകൃതങ്ങളുടേയും കീലുതേച്ചു ഭദ്രമാക്കിയ കുടുംബപേടകത്തിൽ കഴിയുന്ന വരാരും തിന്മയുടെ മലവെള്ളപാച്ചിലിൽ ഒഴുകി പോകുകയില്ല.

കുടുംബങ്ങളിൽ കുടുംബകൂട്ടായ്മകളിൽ മതബോധനരംഗത്ത് ഇടവകകളിൽ ഒക്കെ കത്തോലിക്കാമതബോധനഗ്രന്ഥത്തിലെ വിശ്വാസപ്രഖ്യാപനം കൂദാശകൾ കർതൃപ്രാർത്ഥന തുടങ്ങിയവ ചർച്ചചെയ്യപ്പെടുകയും ആഴത്തിൽ പഠിക്കുകയും വേണം വിവാഹമെന്ന കൂദാശയുടെ പ്രസാദവരത്താലും അതിന്റെ ചുമതലകളാലും ധന്യമായ ക്രിസ്തീയകുടുംബത്തിൽ ജ്ഞാനസ്നാനത്തിൽ സ്വീകരിച്ച വിശ്വാസത്തിനൊത്തവിധം ദൈവത്തെ അറിഞ്ഞാരാധിക്കാനും അയൽക്കാരനെസ്നേഹിക്കാനും സന്താനങ്ങളെ ബാല്യം മുതൽ പരിശീലിപ്പിക്കുവാൻ മാതാപിതാക്കൾക്കു കടമയുണ്ട്.

പഠിപ്പിക്കുന്ന ഏതു വ്യക്തിയും ക്രിസ്തുവിനായി എല്ലാവരേയും നേടേണ്ടതിന് എല്ലാവർക്കും എല്ലാമായിതീരണം. ക്രിസ്തുവിന്റെ ചൈതന്യത്തിന് യോജിച്ചവിധത്തിൽ അദ്ധ്യേതാക്കളെ രൂപപ്പെടുത്തുവാനും അധ്യാപന കലയിലും വിജ്ഞാന സമ്പാദനത്തിലും വിശ്വാസപരിശീലകർ അദ്വിതീയരാകാൻ ശ്രമിക്കണം ധാർമ്മികജീവിതത്തെക്കുറിച്ചുള്ള പ്രബോധനത്തെ വിശ്വാസം ലിറ്റർജി പ്രാർത്ഥന എന്നിവയോടുള്ള ബന്ധത്തിൽ സ്ഥാപിക്കണം. ഈശോയാൽ തെരഞ്ഞെടുക്കപ്പെട്ട അപ്പസ്തോലന്മാരെപ്പോലെ വിശ്വാസപരിശീലകർ വിശ്വാസാർത്ഥികളിലേയ്ക്ക് മതബോധനഗ്രന്ഥത്തിന്റെ വെളിച്ചത്തിൽ വിശ്വാസനിക്ഷേപം കൈമാറ്റം നടത്തണം മാമ്മോദീസാവഴി വിശ്വാസിയായി ഗാർഹികസഭയായ കുടുംബത്തിൽ നിന്നും കുട്ടി ആർജ്ജിച്ചുകൊണ്ടുവരുന്ന വിശ്വാസത്തെ ദൃഢപ്പെടുത്തി സഭയുടെ ഭാവിവാഗ്ദാനങ്ങളാക്കുവാൻ വിശ്വാസപരിശീലകനു കഴിയണം ശ്ലീഹന്മാർ കേട്ടതും, സ്വന്തം കണ്ണുകൊണ്ട് കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ടുസ്പർശിച്ചതുമായ വചനങ്ങൾ (യോഹ 1–2) വിശ്വാസപൂർവ്വം അറിയിച്ചതുപോലെ തന്റെ സ്വന്തം ജീവിതാനുഭവങ്ങളിലൂടെ വിശ്വാസപരിശീലകൻ ഈശോയെ കണ്ടും, കേട്ടും, തൊട്ടും, അനുഭവിച്ചവനാണെങ്കിലേ, പ്രാർത്ഥനയിലെ വിശ്വാസത്തിന്റെ ശക്തി കർത്താവിന്റെ വചനശക്തി കൊണ്ട് ബന്ധനങ്ങൾ അകറ്റാൻ കഴിയുന്ന അനുഭവമൊക്കെ കുട്ടികളുമായി പങ്കുവയ്ക്കാൻ കഴിയൂ. അപ്പോൾ കുട്ടികളുടെ വിശ്വാസം വർദ്ധിക്കും ശ്രീ.രാമകൃഷ്ണപരമഹംസർ പറഞ്ഞതുപോലെ 'നമുക്കുള്ളതേ മറ്റുള്ളവർക്കു പകരാനാകു'.

**ഉപസംഹാരം**

വിശ്വാസവർഷാചരണം, വിശ്വാസത്തിലേയ്ക്കുള്ള മടക്കയാത്രയും വിശ്വാസത്തോടെയുള്ള മുന്നേറ്റവുമാണ് ഈശോ കർത്താവാണെന്ന് ഹൃദയത്തിൽ വിശ്വസിക്കുകയും അധരംകൊണ്ട് ഏറ്റുപറയുകയും ചെയ്യുന്നത് വിശ്വാസത്തിന്റെ പ്രകടനമാണ് (റോമ 10:9) ലോകത്തിന്റെ മർദ്ദനങ്ങളും ദൈവത്തിന്റെ സ്വാന്തനങ്ങളും

അനുഭവിക്കുന്ന സഭ, തീർത്ഥാടകയെപ്പോലെ നാഥന്റെ കുരിശുമരണവും ഉത്ഥാനവും, പ്രത്യാഗമനവും പ്രതീക്ഷിച്ചുകൊണ്ട് മുന്നോട്ടു നീങ്ങുകയാണ് യേശുക്രിസ്തുവിൽ നമുക്കു ലഭിച്ച ക്രൈസ്തവവിശ്വാസത്തെ കർത്താവിൽ നിന്നു എനിക്കു കിട്ടിയത് സർവ്വ പ്രധാനമായികരുതി ഞാൻ നിങ്ങൾക്ക് ഏല്പിച്ചു തന്നു (1കൊറി 10:3) നമ്മുടെ കൈമുതലിനെ ലോകത്തിന്റെ അതിർത്തികൾ വരെ എത്തിച്ച് യേശുവിലേയ്ക്കുള്ള നവീകൃതവും ആത്മാർത്ഥവുമായ മാനസാന്തരത്തിലേയ്ക്ക് നയിക്കുവാൻ വിശ്വസിക്കാൻ കഴിയണം ക്രിസ്തുവിന്റെ സ്നേഹം ഞങ്ങൾക്ക് ഉത്തേജനം നല്കുന്നു (2കൊറി 5–14) വിശ്വാസം സ്നേഹത്തിന്റേയും കൃപയുടേയും സന്തോഷത്തിന്റേയും അനുഭവമായി കൈമാറ്റം ചെയ്യുമ്പോൾ വിശ്വാസം വളരും. സഭയുടെ പാരമ്പര്യത്തിൽ സഭയുടെ പ്രബോധനാധികാരത്തിന്റെ സുപ്രധാനവും നിയമാവകവുമായ മാർഗ്ഗരേഖകളെന്ന നിലയിൽ വത്തിക്കാൻകൗൺസിലിന്റെ പ്രമാണരേഖകൾ ശരിയായി വായിച്ചുമനസ്സിലാക്കുവാൻ വ്യാപകമായി അറിയപ്പെടാൻ, ഹൃദയത്തിൽ പേറാൻ എക്കാലവും ആവശ്യമുള്ള സഭാനവീകരണത്തിന് ഇരുപതാം നൂറ്റാണ്ടിൽ സഭയ്ക്കുനല്കപ്പെട്ട മഹത്തായകൃപാവരമാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ ലോകത്തിന്റെ ഏകരക്ഷകനായ കർത്താവിലേയ്ക്കുള്ള ആത്മാർത്ഥവും നവീകൃതവുമായ മാനസാന്തരത്തിനുള്ള വിളിയാണ് വിശ്വാസവർഷം വിശ്വസിക്കുന്നതിന്റെ സന്തോഷവും വിശ്വാസം കൈമാറുന്നതിനുള്ള ആവേശവും വീണ്ടും കണ്ടെത്താൻ നവസുവിശേഷവല്ക്കരണത്തിലൂടെ സാധിക്കുന്നു. നാം ഏറ്റുപറയുകയും ആഘോഷിക്കുകയും ജീവിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന വിശ്വാസത്തിന്റെ ഉള്ളടക്കം വീണ്ടും കണ്ടെത്താൻ വിശ്വാസപ്രകരണത്തെപ്പറ്റി ചിന്തിക്കുവാൻ ഈ വിശ്വാസവർഷത്തിൽ വിശ്വാസ പരിശീലനത്തിലൂടെ കഴിയണം.

ക്രൈസ്തവജീവിതത്തിന്റെ പൂർണ്ണതയിലേയ്ക്ക് ക്രൈസ്തവ പ്രബോധനങ്ങൾ വർദ്ധിപ്പിച്ചു കൊണ്ട് കുട്ടികളുടേയും യുവജനങ്ങളുടേയും മുതിർന്നവരുടേയും വിശ്വാസത്തിലുള്ള പരിശീലനം നടത്തുവാൻ ക്രൈസ്തവ വിശ്വാസത്തെ ലോകത്തിന്റെ അതിർത്തികൾ വരെ എത്തിക്കുവാൻ പ്രഘോഷണങ്ങളിലൂടെ ദൃശ്യ ശ്രാവ്യ മാധ്യമങ്ങളിലൂടെ ആതുര,സേവന,വിദ്യാഭ്യാസ,സാഹിത്യകലാ,മേഖലകളിലൂടെ സഭാമക്കൾ അക്ഷീണം യത്നിക്കുന്നുണ്ട്. വിശ്വാസപരിശീലനരംഗങ്ങളിലൂടെ, മിഷൻ രംഗങ്ങളിലൂടെ,ധ്യാനമന്ദിരങ്ങൾ ,വചന പ്രഘോഷകർ, വിശ്വാസപരിശീലകർ, ജിസസ്സ് യൂത്ത് പ്രവർത്തകർ, ക്രിസ്റ്റീൻ പ്രവർത്തകർ, എല്ലാം വിശ്വാസികളോടൊപ്പം അക്രൈസ്തവരേയും ഈശോയിലേയ്ക്കാകർഷിക്കാൻ സോത്സാഹം ശ്രമിക്കുന്നത് അഭിനന്ദനാർഹവും. അഭിമാനവുമാണ്. പാർശ്വവല്കരിക്കപ്പെട്ടവരേയും പിന്നോക്കക്കാരേയും സമൂഹത്തിന്റെ മുഖ്യധാരയിലെത്തിച്ചു കൊണ്ട് മിഷൻരംഗത്ത് വിശ്വാസമെത്തിക്കാനും വിശ്വാസസംരക്ഷണത്തിനും വേണ്ടി സാക്ഷികളും രക്തസാക്ഷികളുമാകുന്നവർക്ക് ഉദാഹരണങ്ങൾ ഏറെയുണ്ട്. ഈശോയോടുള്ള സ്നേഹത്തെ ഉത്ഘോഷിച്ച് വ്യക്തികളും സ്ഥാപനങ്ങളും നടത്തുന്ന

കാരുണ്യപ്രസ്ഥാനങ്ങളും. സേവനങ്ങളുമെല്ലാം നമ്മുടെ വിശ്വാസപരിശീലനത്തിന്റെ നേട്ടങ്ങളുമായി അഭിമാനിക്കാം. വിശ്വാസപരിശീലനരംഗത്ത് ഈ അടുത്തകാലത്ത് അവതരിപ്പിച്ച സോഷ്യൽ ഔട്ട്റിച്ച് പ്രോഗാം ഈശോയോടുള്ള സ്നേഹം വേദന അനുഭവിക്കുന്നവരോടുള്ള കരുതലും കാരുണ്യവും ഒക്കെ കുട്ടികളിൽ വളർത്താൻ പര്യാപ്തമായി. പരിശുദ്ധാത്മ പ്രേരിതരായി ചെയ്യുന്ന ഈ സേവനങ്ങൾ വിശ്വാസപ്രതിസന്ധിയുടെ കുരിരുട്ടിൽ കഴിയുന്നവർക്ക് തിരിവെട്ടങ്ങളാണ് നവ സുവിശേഷവല്ക്കരണ പ്രഭയിലൂടെ ഈ തിരിവെട്ടം ആളിക്കത്തി ലോകം മുഴുവൻ ദൈവസ്നേഹത്താൽ ജ്വലിക്കട്ടെ.

ഈ കാലഘട്ടത്തിലെ എല്ലാമനുഷ്യരുടേയും പ്രത്യേകിച്ച് ദരിദ്രരുടേയും അഥവാ ഏതെങ്കിലും വിധത്തിൽ പീഡനം അനുഭവിക്കുന്നവരുടേയും സന്തോഷങ്ങളും പ്രതിക്ഷകളും ദുഃഖങ്ങളും ആകുലതകളും യേശുവിൽവിശ്വസിക്കുന്നവരുടെ സന്തോഷങ്ങളും പ്രതീക്ഷകളും ദുഃഖങ്ങളും ആകുലതകളുമാണ് (സഭ ആധുനികലോകത്തിൽ നമ്പർ1) എന്ന വത്തിക്കാൻ സൂനഹദോസ് പ്രഖ്യാപനത്തിന്റെ ചുവടുപിടിച്ച് വിശ്വാസപരിശീലനം നടത്താം.

കുടിയേറ്റക്കാർ അക്രമത്തിന് ഇരയാകുന്നവർ അഭയാർത്ഥികൾ കുടിയിറക്കപ്പെടുന്നവർ ലൈംഗികമായി ചൂഷണം ചെയ്യപ്പെടുന്നവർ തട്ടിക്കൊണ്ടു പോകപ്പെടുന്നവർ എയ്ഡ്സ് രോഗികൾ പകർച്ച രോഗബാധിതർ മയക്കുമരുന്നിന് അടിമപ്പെട്ടവർ ലൈംഗികതൊഴിലാളികൾ ബാലവേലയ്ക്കുപയോഗിക്കപ്പെടുന്ന കുട്ടികൾ പീഡിപ്പിക്കപ്പെടുന്ന പിഞ്ചുകുഞ്ഞു മുതൽ വൃദ്ധകൾവരെയുള്ള സ്തീകൾ, തൊഴിൽ രഹിതരായ ജനസമൂഹങ്ങൾ, തെരുവിൽ കഴിയുന്നവർ, തുടങ്ങി ദയനീയ ജീവിത സാഹചര്യങ്ങളിൽ ജീവിക്കാൻ വിധിക്കപ്പെട്ടവരോട് യേശുവിന്റെ നാമത്തിൽ സമൂഹത്തിന്റെ സ്നേഹപൂർണ്ണമായ പ്രത്യേക പരിഗണനയും സ്നേഹശുശ്രൂഷയും. നൽകാൻ സഭാമക്കളെ വിശ്വാസപരിശീലനത്തിലൂടെ പഠിപ്പിക്കണം. സഹോദരങ്ങളോടും പ്രകൃതിയോടുമുള്ള സ്നേഹപൂർവ്വകമായ കരുതൽ ആത്മീയജീവിതത്തിന്റേയും സുവിശേഷവല്ക്കരണത്തിന്റേയും അവിഭാജ്യഘടകമാണെന്ന സത്യം വ്യക്തമാക്കപ്പെടണം കൗൺസിലിന്റെ വെളിച്ചത്തിൽ പോൾ ആറാമൻ പാപ്പായുടെ ജനതകളുടെ പുരോഗതി, ജോൺപോൾ രണ്ടാമൻ പാപ്പയുടെ സാമൂഹ്യഔത്സുക്യം ,ബനഡിക്റ്റ് പതിനാറാമൻ പാപ്പയുടെ ദൈവം സ്നേഹമാകുന്നു, പ്രത്യാശയിൽ രക്ഷ തുടങ്ങിയവ മനുഷ്യന്റെ നീറുന്ന പ്രശ്നങ്ങൾക്ക് പരിഹാരം തേടുന്നുണ്ട്. തന്റെ മുൻഗാമികൾക്കൊപ്പം ഫ്രാൻസിസ് പാപ്പയും എല്ലാ മനുഷ്യരോടും പ്രകൃതിയോടും കരുതലുള്ള വരായിരിക്കണമെന്ന് ആഹ്വാനം ചെയ്യുന്നു. സമ്പത്ത് ധൂർത്തടിക്കുന്നത് കുറ്റകരമാണെന്ന ബോധവും സൃഷ്ടിക്കപ്പെടേണ്ടിയിരിക്കുന്നു.

സഭ വിശ്വസ്താപൂർവ്വം കൈമാറിയ ദൈവവചനവും യേശു ശിഷ്യന്മാർക്കു നൽകിയ ജീവന്റെ അപ്പവും കൊണ്ട് നമ്മെതന്നെ പോഷിപ്പിക്കുവാനുള്ള താത്പര്യം നാം വീണ്ടെടുക്കണം. സമൂഹത്തിലുടനീളം വിശ്വാസപ്രതിസന്ധി നേരിടുന്ന ഇക്കാലത്ത്. രണ്ടാം

വത്തിക്കാൻ കൗൺസിലിന്റെ ചുവടുപിടിച്ച് കത്തോലിക്കാമതബോധനഗ്രന്ഥത്തിലൂടെ വിശ്വാസപരിശീലനം നടത്തി നവസുവിശേഷവല്ക്കരണം സാധിച്ച് വിശ്വാസത്തിന്റെ വാതിലിലൂടെ സമരിയാക്കാരിയെപ്പോലെ റോമൻസെഞ്ചൂറിയനെപ്പോലെ, വി.സ്നാപകയോഹന്നാനെപ്പോലെ, വി. പൗലോസിനെപ്പോലെ തീഷ്ണതയുള്ള വിശ്വാസികളായി നിത്യ ജീവനിലെത്തുവാൻ ഈ വിശ്വാസവർഷത്തിൽ പരിശുദ്ധത്രിത്വവും പ.അമ്മയും സകല വിശുദ്ധരും, സ്വർഗ്ഗവാസികളും നമ്മെ സഹായിക്കട്ടെ ഉപ്പിനു ഉറയില്ലാതാവുന്നതും വിളക്കുമറച്ചുവയ്ക്കുന്നതും നമുക്കു അംഗീകരിക്കാനാവുകയില്ല (മത്താ 5:13–16).

**ദൈവത്തിന്റെ പ്രവൃത്തികൾ ചെയ്യുന്നവരാകാൻ ഞങ്ങൾ എന്താണു ചെയ്യേണ്ടത് (യോഹ 6:28) അവിടുന്ന് അയച്ചവനിൽ വിശ്വസിക്കുക (യോഹ 6:29).**